*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 30B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

## ശ്രീ എൻ. കസ്തൂരി

ഓം ശ്രീ സായിരാം

## ശ്രീ കസ്തൂരിയുമൊത്ത് സമയം ചെലവിടുന്നത് വിദ്യാഭ്യാസമാണ്




“ഹലോ! ദയവായി വരൂ. ഇത് താങ്കളുടെ ആദ്യ സന്ദർശനമാണോ? നിങ്ങളെയെല്ലാവരെയും കാണുമ്പോൾ എനിക്ക് മനസ്സിലാവുന്നത്, നിങ്ങൾ കുടുംബവുമൊത്താണ് വന്നതെന്നാണ്. നിങ്ങൾ വളരെ ദൂരം യാത്ര ചെയ്തിട്ടുണ്ടാവാം എന്ന് ഞാൻ മനസ്സിലാക്കുന്നു. ദയവായി ഇവിടെ വിശ്രമിക്കൂ. നിങ്ങൾക്ക് വെള്ളം വേണോ? അവിടെനിന്നും കുറച്ചു വെള്ളമെടുത്ത് നിങ്ങളുടെ കുട്ടികൾക്കും കൊടുക്കൂ. ദയവായി കുറച്ചുസമയം വിശ്രമിക്കൂ. സ്വാമി ഇന്നു വൈകുന്നേരം 4.00 മണിക്ക് ദർശനം തരുന്നുണ്ട്. ആ സമയത്തേക്ക് അവിടെ ഇരുന്നാൽ മതിയാവും.”

വളരെ സീനിയറായ, മുതിർന്ന ഒരു മാന്യവ്യക്തി പറഞ്ഞ വാക്കുകളാണിവ-ഏറ്റവും ആദരണീയനായ, ശ്രീ എൻ. കസ്തൂരി എന്നു പേരുള്ള ആ പ്രശസ്ത വ്യക്തി.

ആദ്യമായി അദ്ദേഹത്തെ കണ്ടുമുട്ടിയതിൽ ഞാൻ ശരിക്കും ഭാഗ്യവാനായിരുന്നു. ഈ സ്ഥലത്തേക്കുള്ള എന്റെ ആദ്യ സന്ദർശനത്തിൽ, ഇവിടെ പ്രശാന്തിനിലയത്തിൽ ഞാൻ കണ്ടുമുട്ടിയ ആദ്യത്തെ മനുഷ്യൻ അദ്ദേഹമായിരുന്നു എന്നു ഞാൻ പറയട്ടെ.

അപ്രകാരം എനിക്ക് ദർശനം ലഭിക്കുകയുണ്ടായി, രണ്ടു ദിവസം കഴിഞ്ഞ്, ഞാൻ കണ്ടുമുട്ടിയ വ്യക്തി സാക്ഷാൽ കസ്തൂരിജി തന്നെയായിരുന്നു എന്ന് ഞാൻ അറിയാനിടയായി. ശരി, എന്റെ ജന്മനക്ഷത്രങ്ങൾക്ക് ഞാൻ നന്ദി പറഞ്ഞിട്ടുണ്ടാവും, ഞാൻ തീർച്ചയായും ഏറെ അനുഗ്രഹീതനാണെന്ന് എനിക്കു തോന്നി. പിന്നീടുള്ള വർഷങ്ങളിൽ, ഞാൻ ശ്രീ എൻ. കസ്തൂരിയെ ഓരോ വട്ടവും, ഓരോ തവണയും സന്ദർശിക്കുന്നത് പതിവാക്കുകയും അദ്ദേഹവുമൊത്ത് കുറച്ചു നേരം ചെലവഴിക്കുകയും ചെയ്തു, എന്തുകൊണ്ടെന്നാൽ അദ്ദേഹവുമൊത്ത് സമയം ചെലവഴിക്കുന്നത് വിദ്യാഭ്യാസമാണ്.

## കസ്തൂരിയുടെ ശിഷ്യൻ

അക്കാലത്ത് ഞാൻ തികച്ചും പുതിയ ആളായിരുന്നു, പല ആളുകൾക്കും എന്നെ അറിയുമായിരുന്നില്ല. ഞാനിവിടെ വരും, വരാന്തയിലോ ഏതെങ്കിലും ഷെഡ്ഡിലോ തങ്ങും, സ്വാമിയുടെ പ്രഭാഷണങ്ങൾ കേൾക്കും, കസ്തൂരിയുമൊത്ത് കുറച്ചു നേരം ചെലവഴിച്ചിട്ട് വീട്ടിലേക്ക് മടങ്ങും. അതായിരുന്നു അക്കാലത്തെ ഷെഡ്യൂൾ! അപ്പോളാണ് ഒരു ദിവസം ഭജൻവേള കഴിഞ്ഞിട്ട് ഞാൻ റോഡിലൂടെ പോവുകയായിരുന്നു, സ്വാമി അവിടുത്തെ കാറിൽ വരുന്നത് ഞാൻ കണ്ടു, കസ്തൂരിയെയും ഒപ്പം ഞാൻ കാണുകയുണ്ടായി.




പിന്നീട്, കസ്തൂരി തന്നെ കാണണമെന്ന് എനിക്ക് സന്ദേശമയച്ചു. ഞാൻ അദ്ദേഹത്തെ കാണാനെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, ‘‘അനിൽകുമാർ! ഈ ബാഡ്ജ് താങ്കൾക്ക് തരണമെന്ന് സ്വാമി എന്നോട് ആവശ്യപ്പെട്ടിരിക്കുന്നു. കാറിൽവച്ച് അവിടുന്ന് എന്താണ് പറഞ്ഞതെന്ന് നിനക്കറിയാമോ? താങ്കൾ റോഡിലൂടെ നടന്നുപോവുന്നത് അവിടുന്ന് ശ്രദ്ധിച്ചു, എന്നോട് പറയുകയുണ്ടായി, ‘‘നോക്കൂ കസ്തൂരീ, നിന്റെ ശിഷ്യൻ ദാ ഇതുവഴി പോകുന്നു. പാവം ചങ്ങാതി! ഈ

ബാഡ്ജ് അവന് കൊടുത്തേക്ക്. അവൻ മുഴുവൻ സെഷനിലും പങ്കെടുക്കും, ഇവിടെ കേട്ടതൊക്കെ അവൻ പങ്കുവയ്ക്കും. ഈ ബാഡ്ജ് അവന് കൊടുത്തേക്കൂ!"

ഞാനിത് പറയുന്നത് എന്തുകൊണ്ടാണെന്നുവച്ചാൽ, 'കസ്തൂരിയുടെ ശിഷ്യൻ' എന്ന് ഭഗവാനാൽ വിളിക്കപ്പെട്ടതിൽ എനിക്ക് സ്വയം അഭിമാനം തോന്നുന്നു! വളരെ നന്ന്! ഇതി ലുമധികം എനിക്കെന്തു വേണം? എനിക്കതിൽ വലിയ അഭിമാനമായിരുന്നു. കാരണം, ഇപ്പോഴും ശ്രീ കസ്തൂരിക്ക് സമാന്തരമായി ഒരാളെ ഞാൻ കാണുന്നില്ല.

## മനുഷ്യപരിണാമത്തിന്റെ മൂന്ന് ഘട്ടങ്ങൾ

ഞാൻ സാക്ഷിയായ, അനുഭവിച്ച ഏതാനും സംഭവങ്ങൾ ഞാൻ ഓർത്തുകൊള്ളട്ടെ. ഒരി ക്കൽ, കസ്തൂരിയോട് പൂർണചന്ദ്ര ആഡിറ്റോറിയത്തിൽ പ്രസംഗിക്കാൻ നിർദ്ദേശിക്കപ്പെ ട്ടു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ സംഗ്രഹം ഞാൻ നിങ്ങളോട് പറയാം. അദ്ദേഹം പറഞ്ഞു, "മൂന്ന് പേരുകൾ പ്രധാനമാണ്: ഒന്ന്-ചാറ്റർജി, രണ്ട്-ബാനർജി, പിന്നെ മൂന്ന്-മു ഖർജി."



ആദ്യത്തേത്- ചാറ്റർജി എന്നാൽ ചിലച്ചുകൊണ്ടിരി ക്കുക(chattering), സംസാരിച്ചുകൊണ്ടേയിരിക്കുക. എല്ലാ ഭക്തരും ആദ്യഘട്ടങ്ങളിൽ-അവർ സംസാരിച്ചുകൊണ്ടേയി രിക്കും, അവരെങ്ങനെയാണ് സ്വാമിയുടെയടുത്ത് എത്തി ച്ചേർന്നത്, അവിടുന്ന് അവരുടെ സ്വപ്നത്തിൽ എങ്ങനെ യാണ് പ്രത്യക്ഷപ്പെട്ടത്, അവരനുഭവിച്ച നിരവധി ചമത്കാ രങ്ങളൊക്കെ എങ്ങനെയാണ് അവിടുന്ന് ചെയ്തത്, ഇങ്ങ നെ. ചിലയ്ക്കുക, നിർത്താതെ സംസാരിക്കുക- ചാറ്റർജി ഘട്ടം!

എന്നിട്ട് അദ്ദേഹം തുടർന്നു, ഈ ചിലയ്ക്കൽ കുറച്ചു കാലം കഴിയുമ്പോൾ നിലയ്ക്കും, ഈ മനുഷ്യൻ സായീ സംഘടനയിലെ അംഗമാകും, ബാഡ്ജ് ധരിക്കും, സംഘട നയ്ക്കുവേണ്ടി പ്രവർത്തിക്കാൻ തുടങ്ങും, അയാളുടെ സ്വത്വത്തിന്റെ ബാനറായിത്തീരും ആ ബാഡ്ജ്, ഇതാണ് 'ബാനർജി ഘട്ടം'. അങ്ങനെ, ചാറ്ററിംഗിൽനിന്ന് ബാനറുള്ള 'ബാനർജി ഘട്ട'ത്തിലേക്ക്.

മൂന്നാമത്തെ അവസ്ഥ, കുറേ വർഷങ്ങൾ നിരവധി സേവാ പ്രവർത്തനങ്ങളിലൊക്കെ പങ്കെടുത്തിട്ട്, പൊടുന്നനെ ഈ മനുഷ്യൻ നിശ്ശബ്ദനാവും, എന്തുകൊണ്ടെന്നാൽ അയാൾ ധ്യാനത്തിലേക്ക് തിരിയും, അയാൾ അന്തർമുഖനാവും-'മൂക' എന്നാൽ നിശ്ശബ്ദൻ എന്നാണർത്ഥം, ഇതാണ് മുഖർജി.

അതുകൊണ്ട്, കസ്തൂരിജി പറയുന്നത് ഇവയാണ് പരിണാമത്തിന്റെ മൂന്ന് ഘട്ടങ്ങൾ ഇവ യാണെന്നാണ്- ചാറ്റർജി ബാനർജിയായി പരിണമിക്കുന്നു, ബാനർജി മുഖർജി ഘട്ടത്തി ലേക്ക് നയിക്കുന്നു. എല്ലാവരും ചിരിക്കുകയുണ്ടായി, കാതടപ്പിക്കുന്ന കര ഘോഷമായിരുന്നു ആറ്റോറിയത്തിൽ.

## സ്വാമിയുടെ അപേക്ഷാഫാറം

മറ്റൊരു അവസരത്തിൽ, കസ്തൂരി തന്റേതായ അനനുകരണീയശൈലിയിൽ പരാമർശി ക്കുകയുണ്ടായി; സ്വാമി അവിടെ ഇരിപ്പുണ്ടായിരുന്നു, വലിയൊരു സദസ്സ് മുമ്പിലും. പ്രവേ ശനസമയത്ത്, ഏതൊരു വിദ്യാർത്ഥിയും ഒരു അപേക്ഷാഫാറം പൂരിപ്പിച്ച് സമർപ്പിക്കേണ്ട



തുണ്ട്, എന്നിട്ടാണ് അവനെ സ്കൂളിലോ കോളജിലോ ഒക്കെ, ഏതുതന്നെയായാലും, പ്രവേശിപ്പിക്കുക. അതുകൊണ്ട്, അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുണ്ട്. കസ്തൂരി ഇവിടെ പറയുകയാണ്: നമ്മൾ സ്വാമിക്ക് ഒരു അപേക്ഷ കൊടുക്കുന്നുവെന്ന് സങ്കൽപ്പി ക്കുക, ആ അപേക്ഷ പൂരിപ്പിക്കുന്നതിനായി. അവിടുന്ന് എന്തെഴുതും? സ്വാമി അവിടെ ഇരിപ്പുണ്ടായിരുന്നു. അവിടുന്ന് ചിരിക്കുകയായിരുന്നു!

അപേക്ഷാഫാറത്തിൽ, ആദ്യത്തെ കോളം: അപേക്ഷകന്റെ പേര്. സത്യസായി ബാബ യെന്ന് എഴുതാൻ പറ്റുമോ ഭഗവാന്? ഇല്ല! അവിടുന്ന് ഇപ്പോളാണ് സത്യസായി ബാബ. മുമ്പ്, കൃഷ്ണൻ, അതിനും മുമ്പ് രാമൻ, തന്നെയുമല്ല, "സകല നാമങ്ങളും എന്റേതാ കുന്നു! സകല രൂപങ്ങളും എന്റേതാകുന്നു!" എന്നാണ് അവിടുന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ഏതു പേരാണ് അവിടുന്ന് എഴുതുക? അതുകൊണ്ട്, ആദ്യത്തെ കോളം: പേര്-ഇല്ല. ബ്ലാങ്ക്.

രണ്ടാം കോളം: അച്ഛന്റെ പേര്. വെങ്കമ്മ രാജു എന്ന് എഴുതാൻ പറ്റുമോ ഭഗവാന്? ഇല്ല! കാരണം, അവിടുന്ന് രാമനായിരിക്കുമ്പോൾ ദശരഥനായിരുന്നു പിതാവ്, അവിടുന്ന് കൃഷ്ണനായിരിക്കുമ്പോൾ വസുദേവരായിരുന്നു താതൻ. അപ്പോൾ, പല അവതാരങ്ങ ളിലും അങ്ങനെയായിരുന്നു അവിടുന്നിന്. അതുകൊണ്ട്, അവിടുത്തെ പിതാവിന്റെ പേര് ഇന്നത് എന്ന് നിങ്ങൾക്കെങ്ങനെ പറയാനാവും? ബ്ലാങ്ക്!




മൂന്നാം കോളം: വാർഷിക വരുമാനം. അവിടുന്ന് എന്താവും അവിടെ എഴുതുക? വാസ്തവത്തിൽ അവിടുന്ന് സ്വയം സമ്പത്താണ്, ലക്ഷ്മി തന്നെ, ധനം തന്നെ; സകല ഐശ്വര്യങ്ങളും അവിടുത്തെ സ്വന്തമാ ണ്. സകല സമ്പത്തും! അതെ! അതുകൊണ്ട്, അവി ടുന്ന് അവിടെ എന്ത് വരുമാനം എഴുതാനാണ്, കാരണം എല്ലാം അവിടുത്തേതായിരിക്കുമ്പോൾ? ലക്ഷ്മീവല്ലഭൻ! ലക്ഷ്മീദേവി അവിടുത്തെ പാദത്തിനു സമീപം ഇരുന്ന് ആ പാദം തടവുന്നു. ലക്ഷ്മീനാരായണൻ! അതുകൊണ്ട്, ലക്ഷ്മി, സമ്പത്തിന്റെ ദേവത, അവിടുന്നിന് സേവ ചെയ്യുന്നു. അപ്പോൾ വാർഷിക വരുമാനമായി എന്ത് എഴുതാനാണവിടുന്ന്? ബ്ലാങ്ക്!

ഇനി, ഹോബികൾ! എന്ത് വിനോദം? അവിടുന്ന് എന്തെഴുതും? ബ്ലാങ്ക്! എന്തുകൊണ്ടെന്നാൽ, ഹോബിയായി ഒന്നുമില്ല. ഓരോന്നും അവിടുത്തെ ദിവ്യപദ്ധതി(Divine plan)യാണ്; എല്ലാം അവതാരത്തിന്റെ പരിപാടികളാണ്. അതുകൊണ്ട്, എന്ത് ഹോബിയാണ്? ഹോബികളൊന്നുമില്ല ഇവിടെ. ബ്ലാങ്ക്!

ഇപ്രകാരം, ഒരു അപേക്ഷാഫാറം സ്വാമിക്ക് നൽകുകയാണെങ്കിൽ, അതു നിറയെ ബ്ലാങ്ക് ആവും; ഒരു കോളം പോലും പൂരിപ്പിക്കാനാവില്ല.

എല്ലാവരും ചിരി തുടങ്ങി! സ്വാമി ആ മുഴുവൻ വേളയും ആസ്വദിക്കുകയുണ്ടായി.

## വിഭൂതി ജനനമരണ ബന്ധനത്തിൽനിന്നും മോചിപ്പിക്കുന്നു

മറ്റൊരു തമാശയും ഞാനോർക്കുന്നു. കസ്തൂരി വന്നപ്പോൾ, സ്വാമി അദ്ദേഹത്തിനു നേരേ ചൂണ്ടിക്കൊണ്ട് പറയുകയുണ്ടായി, “എന്തായിത് കസ്തൂരീ? നീ നെറ്റിയിൽ വിഭൂതി പൂശിയിരിക്കുകയാണല്ലോ. അങ്ങേയറ്റം തൊട്ട് ഇങ്ങേയറ്റം വരെ ആകെ വെളുത്ത്; നീ നെറ്റിയിൽ വിഭൂതി പൂശിയിരിക്കുകയാണോ, ദൂരെ നിന്നു നോക്കിയാൽ ഇതൊരു ബാൻഡേജ് എന്നു തോന്നും!” കസ്തൂരി ചിരിച്ചിട്ട് പറഞ്ഞു, “സ്വാമീ, അത് ബാൻഡേജ് അല്ല! അതെന്നെ ജനനമരണ ബന്ധനത്തിൽനിന്ന്, ബോൻഡേജി(bondage)ൽനിന്ന് മുക്തനാക്കും!”




നവരാത്രി കവിസമ്മേളനം 1993 ഒക്ടോ.23

അതാണ് കവിതാ ശൈലി; അതാണ് ശ്രീ എൻ. കസ്തൂരിയുടെ ഫലിതം! അതുപോലെ ആരും വരില്ല!

## ട്വിങ്കിൾ ട്വിങ്കിൾ ലിറ്റിൽ സ്റ്റാർ

മറ്റൊരു സംഭവവും ഞാനോർക്കുകയാണ്. പൂർണചന്ദ്ര ആഡിറ്റോറിയത്തിൽവച്ച് ഒരു വിദ്വാൻ മഹാസഭ, കവിസമ്മേളനം നടത്തുമായിരുന്നു. കസ്തൂരിയായിരുന്നു അവരിൽ ഒരുവൻ.

അവിടേക്ക് വരുന്ന വഴിക്ക് സ്വാമി കസ്തൂരിയെ നോക്കിയിട്ട് ചോദിച്ചു, "നീ എന്തു കവിതയാണ് എഴുതുന്നത്? ഒന്നുമില്ല! അത് "ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ.." മാത്രം, അതല്ലേ ഉള്ളൂ?"

കസ്തൂരി ചിരിച്ചു!

അദ്ദേഹം വേദിയിൽ വന്നപ്പോൾ, സംസാരിക്കുന്നതിന് അദ്ദേഹത്തിന്റെ ഊഴം വന്നപ്പോൾ, തന്റെ കവിതാലാപനത്തിന്റെ പ്രമേയം "ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ.." എന്നാക്കുകയുണ്ടായി അദ്ദേഹം.

അദ്ദേഹം ഇങ്ങനെ തുടങ്ങി, "ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ, താങ്കൾ ആരാണെന്ന് താങ്കൾ അതിശയിച്ചിട്ടുണ്ടോ? ഇതിന്റെ അർത്ഥം ഇതു മാത്രമാണ്, "അല്ലയോ മനുഷ്യാ! നീ താരകമാകുന്നു-നിന്റെ ജീവിതകാലത്ത് കണ്ണു ചിമ്മിക്കൊണ്ട്, തിളങ്ങിക്കൊണ്ട്. നീ ആരാണെന്ന് നിന്നെക്കുറിച്ച് നീ അതിശയിച്ചിട്ടുണ്ടോ, നീ ദിവ്യനാണെന്ന്?"

ഇപ്രകാരമായിരുന്നു അദ്ദേഹം സംസാരിച്ചത്, സ്വാമിക്ക് അത് വളരെ ഇഷ്ടമായി. അതായിരുന്നു കസ്തൂരിജി! അദ്ദേഹം ധാരാളം ചമത്കാരങ്ങൾ പറയും; നിരവധി ചമത്കാരങ്ങൾ. ഒന്നോ രണ്ടോ അല്ല, ഒന്നും രണ്ടും അല്ല!

## മനുഷ്യശരീരം ബാബ കീ കൊടുക്കുമ്പോൾ ഒച്ചയുണ്ടാക്കുന്ന ഒരു കളിപ്പാട്ടം

കസ്തൂരി പറഞ്ഞ ഒരു സംഭവവും ഞാനോർക്കുകയാണ്. അദ്ദേഹത്തിന്റെ വീട്ടിൽ ഒരു കളിപ്പാട്ടമുണ്ടായിരുന്നു. 'ക്വാക്, ക്വാക്, ക്വാക്...' എന്ന് ശബ്ദമുണ്ടാക്കിക്കൊണ്ട് ആ കളിപ്പാട്ടം അവിടെയെല്ലാം ഓടിനടക്കുമായിരുന്നു, സ്വാമി അതു കണ്ടിട്ട് ചിരിച്ചു.

കസ്തൂരി പറഞ്ഞു, "സ്വാമീ, അവിടുന്ന് ആ കളിപ്പാട്ടത്തിന് കീ കൊടുത്തതുകാരണം, അത് ചലിക്കുകയും ശബ്ദമുണ്ടാക്കുകയും ചെയ്യുന്നു. ആ കീ അഥവാ ചുറ്റൽ എപ്പോൾ



തീരുന്നുവോ, അത് നിൽക്കുന്നു. അത് ഓട്ടം നിർത്തുന്നു, അതിന് പിന്നെ യാതൊരു ശബ്ദവും ഉണ്ടാക്കാനാവില്ല!" അന്നു വൈകുന്നേരത്ത് സ്വാമി അദ്ദേഹത്തോട് സംസാരിക്കുന്നതിന് ആവശ്യപ്പെട്ടു, കസ്തൂരി ഇത് തന്റെ പ്രഭാഷണത്തിന്റെ പ്രമേയമാക്കി, അത് മുഴുവൻ ജനക്കൂട്ടത്തിനും വിശദീകരിച്ചു. ഈ ശരീരം ഒരു കളിപ്പാട്ടമാണ്; ഈ ശരീരം കേവലം ഒച്ചയുണ്ടാക്കുന്ന ഒരു കളിപ്പാട്ടമാണ്; അത് സംസാരിക്കുന്നത് കീ കൊടുക്കുന്നതു കാരണത്താലാണ്, ബാബ കൊടുക്കുന്ന കീ കാരണം. ഒരിക്കൽ അത് നിന്നാൽ, ശരീരത്തിന് പിന്നീട് സംസാരിക്കാനാവില്ല! എല്ലാവർക്കും അതിഷ്ടമായി. കസ്തൂരി ഇപ്രകാരമാണ് സംസാരിക്കുക, നിറയെ തമാശയുമായി, നിറയെ ഫലിതവുമായി!

## കസ്തൂരി സ്വാമിയുടെ സംസർഗം ആസ്വദിച്ചു

അദ്ദേഹത്തെ കാണുന്നതിനും അദ്ദേഹവുമായി സംസാരിക്കുന്നതിനും എല്ലാവരും ഇഷ്ടപ്പെട്ടു. നിങ്ങളുടെ അറിവിലേക്കായി പറയട്ടെ, കസ്തൂരി കേരളത്തിൽനിന്നാണ്, പിന്നീട് ഏറെക്കാലം കർണാടകത്തിലാണ് അദ്ദേഹം കാലം കഴിച്ചുകൂട്ടിയത്. അദ്ദേഹം ആൾ ഇന്ത്യാ റേഡിയോ(AIR)വിൽ സേവനമനുഷ്ഠിക്കുകയുണ്ടായി, അദ്ദേഹം ഏറെക്കാലം 'രാമകൃഷ്ണ മിഷനു'മായി ബന്ധപ്പെട്ടിരുന്നു, അവസാനം അദ്ദേഹത്തിന്റെ ജീവിതം പരിസമാപ്തിയിലെത്തുന്നത് ഇവിടെ, പ്രശാന്തിനിലയത്തിൽ, ഒരു സായിഭക്തനായിട്ടാണ്. അദ്ദേഹം എല്ലാ ഭാഷകളും ഏറ്റവും രസകരമായി സംസാരിക്കുമായിരുന്നു, പ്രത്യേകിച്ചും അദ്ദേഹം രണ്ടു ഭാഷകൾ കലർത്തി സംസാരിക്കുമ്പോൾ. അദ്ദേഹം തെലുങ്കിൽ സംസാരിക്കുമ്പോൾ, നിങ്ങൾക്ക് കുറച്ച് കന്നട കേൾക്കാം, കന്നട ഉച്ചാരണം കേൾക്കാം, ഇത് അദ്ദേഹത്തിന്റെ സംസാരത്തെ അല്ലാത്തപ്പോളേക്കാൾ മധുരതരമാക്കുന്നു. ഇതേ കസ്തൂരി പതിവായി സ്വാമിയോട് ഫലിതം പറയും, അവിടുത്തെ സംസർഗം ആസ്വദിച്ചു അദ്ദേഹം. ഓരോ ദിവസവും സ്വാമിയുടെ മുറിയിൽ പോകുകയും ഡൈനിംഗ് ടേബിളിൽ ഭഗവാനൊപ്പം ഇരിക്കുകയും, പിന്നെ രാത്രിവേളയിലും സ്വാമിക്കൊപ്പം ചേരുകയും ചെയ്യുന്ന ആദ്യത്തെ മനുഷ്യനാണ് അദ്ദേഹം. അത്തരമൊരു വ്യക്തിയായിരുന്നു അദ്ദേഹം!

# കസ്തൂരി, ദിവ്യ ഹസ്തങ്ങളിലെ ശക്തമായ ഒരു ഉപകരണം

1977-ലാണെന്നാണ് ഞാൻ കരുതുന്നത്. പെട്ടെന്ന് മുൻനിരയിലിരിക്കുന്നതിനായി എന്നോട് ആവശ്യപ്പെട്ടു; ഞാനിരുന്നു. എന്റെ സുഹൃത്തുക്കൾ പ്രതീക്ഷിച്ചത് സ്വാമി എന്നോട് സംസാരിക്കാൻ ആവശ്യപ്പെടും എന്നാണ്, എന്തുകൊണ്ടെന്നാൽ, അത് ദസറ സീസണായിരുന്നു. സ്ഥലം, നിങ്ങൾ പൂർണചന്ദ്ര ആഡിറ്റോറിയം എന്നു വിളിക്കുന്നിടവും. ഞാൻ മുൻവശത്താണ് ഇരുന്നത്, പക്ഷേ മറ്റാരോ ആണ് സംസാരിച്ചത്. എന്നെ വിളിച്ചില്ല; തീർച്ചയായും എനിക്ക് നിരാശയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, സ്വാമി എന്നോട് പറഞ്ഞിരുന്നില്ല. ഞാൻ അവിടെ ഇരിക്കണമെന്ന് സ്വാമി ആവശ്യപ്പെട്ടതായി



ഏതാനും ആളുകൾ മാത്രമാണ് പറഞ്ഞത്, ഞാൻ അവരുടെ നിർദ്ദേശം അനുസരിക്കുക മാത്രമാണ് ചെയ്തത്. അത്ര മാത്രം! പക്ഷേ എന്റെയുള്ളിൽ കുറച്ച്, കുറച്ച് നിരാശയുണ്ടായിരുന്നു. "സ്വാമീ, ഞാൻ അവിടെ ഇരിക്കണം എന്ന ഈ സന്ദേശം എനിക്ക് ലഭിച്ചത് എന്തുകൊണ്ടാണ്? അവിടുന്ന് എന്നെ എന്തുകൊണ്ടാണ് വിളിക്കാഞ്ഞത്?" ഒരു മിന്നായം പോലെ ആ ആശയം എന്നിലേക്ക് വന്നു.

അപ്പോൾ ഞാൻ പെട്ടെന്ന് കസ്തൂരിജിയുടെ അടുത്ത് ചെന്നു. ഞാൻ പറഞ്ഞു, "ക്ഷമിക്കണം സാർ! വളരെ സോറി! അവിടെ ഇരിക്കാനായി എന്നോട് ആവശ്യപ്പെട്ടിരുന്നു. സ്വാമി എന്നെ വിളിച്ചില്ല. സർ, എന്താണ് ചെയ്യുക! ഞാൻ വളരെ നിർഭാഗ്യവാനായ മനുഷ്യനാണ്," ഞാൻ പറഞ്ഞു.

കസ്തൂരി പെട്ടെന്ന് പറഞ്ഞു, "അനിൽകുമാർ, താങ്കളെന്തിനാണ് ഇങ്ങനെ പറയുന്നത്? ഡൈനിംഗ് ടേബിളിനടുത്ത് എന്താണ് നടന്നതെന്ന് താങ്കൾക്കറിയുമോ?"

സ്വാമി എന്നോട് ചോദിച്ചു, "കസ്തൂരീ, അനിൽകുമാർ എപ്പോഴെങ്കിലും സംസാരിക്കുന്നത് നീ കേട്ടിട്ടുണ്ടോ?"

"ഉവ്വ് സ്വാമീ! ഞാൻ അവന്റെ പ്രസംഗം കേട്ടിട്ടുണ്ട്."

"ഓ, അതെയോ! എവിടെയാണ് നീ കേട്ടത്?"

"സ്വാമീ, മദനപ്പള്ളിയിൽവച്ച്."

"ഓ.കെ! ശരി, വരൂ, അവൻ പ്രസംഗിക്കുന്നത് എങ്ങനെയെന്ന് ഞാൻ കാണട്ടെ!"

കസ്തൂരി എന്നെ അനുകരിക്കാൻ തുടങ്ങി. സ്വാമി ചിരിച്ചിട്ട് പറഞ്ഞു, "ഓ! അവൻ ഇങ്ങ നെയാണോ കൈ ചലിപ്പിക്കുന്നത്? അവൻ ഒരു നർത്തകനാണെന്നു തോന്നുന്നു! ഓ!" എന്നിട്ട് അവിടുന്ന് ചിരിച്ചു!

ഇതെല്ലാം കസ്തൂരി എന്നോട് പറഞ്ഞതാണ്, "അനിൽകുമാർ, താങ്കൾ നിർഭാഗ്യവാനാ ണെന്ന് താങ്കളെന്തിനാണ് പറയുന്നത്? നിരാശ തോന്നേണ്ട യാതൊരാവശ്യവുമില്ല, കാരണം ഭഗവാൻ താങ്കളെപ്പറ്റി തിരക്കുകയുണ്ടായി! ഞാൻ താങ്കളെ അനുകരിച്ചു, സ്വാമി



അത് ആസ്വദിക്കുകയും ചെയ്തു!"

ഈ കാര്യങ്ങൾ ഞാൻ ഓർക്കുകയാണ്, അവ എത്ര സുന്ദരമായ ദിനങ്ങളായിരുന്നു, അക്കൊല്ലം മുതൽക്ക്, 1978-ൽ സ്വാമി ഞാൻ സംസാരിക്കണമെന്ന് ഇച്ഛിച്ചു. അക്കൊല്ലം മുതൽക്ക്, ഓരോ കൊല്ലവും, ഭഗവാൻ ഓരോ വർഷവും എനിക്ക് ഒരു അവസരം തന്നു. ഓരോ കൊല്ലവും, വിശേഷാവസരങ്ങളിൽ, എന്നെ സംസാരിക്കു ന്നതിനായി വിളിക്കുന്നത് അവിടുന്ന് പതിവാക്കി. ദിവ്യ സന്നിധിയിൽ സംസാരിക്കുന്നതിനുള്ള നിരവധി അവസ രങ്ങൾ തന്ന് അവിടുന്ന് എന്നെ വിശേഷിച്ച് അനുഗ്ര ഹിച്ചു എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ നിങ്ങ ളോട് പറയട്ടെ, ഭഗവാന് നടക്കുന്നതിലേക്കായി എന്റെ ത്വക്കുപയോഗിച്ച് ഒരു ജോടി ചെരിപ്പുണ്ടാക്കിയാൽപ്പോലും എനിക്ക് എന്റെ നന്ദി പ്രകടിപ്പിക്കാനാവില്ല. ഈ നന്ദി പൂർണമായും പ്രകടിപ്പിക്കാനാവില്ല!

വില്യം ഷേക്സ്പിയർ പറഞ്ഞത് ഞാനോർക്കുകയാണ്, "ചിലർ മഹാന്മാരായി ജനിക്കു ന്നു, ചിലർ മഹത്വം നേടുന്നു, ചിലരിൽ മഹത്വം അടിച്ചേൽപ്പിക്കപ്പെടുന്നു." ഞാനീ മൂന്നാ മത്തെ വിഭാഗമാണെന്ന് ഞാൻ കരുതുന്നു. ഈ നേട്ടമെല്ലാം കേവലം സ്വാമിയുടെ സമ്മാ നമാണ്, ഇത് എന്നിൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്."

അതുകൊണ്ട്, കസ്തൂരിജി ഭഗവാന്റെ കരങ്ങളിലെ ശക്തമായ ഒരു ഉപകരണമായിരുന്നു, എന്റെ പ്രവേശനത്തിനായി, ഞാൻ ആസ്വദിച്ച ആ സാമീപ്യത്തിനായി, ഭഗവത്സാന്നിദ്ധ്യത്തിൽ എന്നെ അനുകരിക്കുന്നതിനായി. എങ്ങനെയോ ഞാൻ ആ ദിനങ്ങളെപ്പറ്റി, കസ്തൂരിയുമായുള്ള എന്റെ സംസർഗത്തെപ്പറ്റി, ചിന്തിച്ചു, നിങ്ങളുമായി അത് പങ്കു വച്ചു.

നിങ്ങളുടെ സമയത്തിന് നന്ദി. നമുക്ക് വീണ്ടും കാണാം. സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)